## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1056

12/03/2015-ൽ മറുപടിയ്ക്ക്

## കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം

**ചോദ്യം** 

**മറുപടി**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ ; | (എ) | പഠനവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യ വർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യ വർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്. ഏതൊക്കെ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതിപ്രകാരമുള്ള പ്രയോജനം ലഭിക്കുക. |
| (ബി) | ഏതെല്ലാം കോളേജുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2012-13 അദ്ധ്യയന വർഷം അന്നു നിലവിലുണ്ടായിരുന്ന 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പദ്ധതി ആരംഭിച്ചു. 2013-14 അദ്ധ്യയന വർഷം 27 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ അവശേഷിക്കുന്ന എയ്ഡഡ് കോളേജുകളിലും പദ്ധതി ആരംഭിച്ചു. ഇതനുസരിച്ച് 2014-15 അദ്ധ്യയന വർഷം, 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും 148 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പദ്ധതി നിലവിലുണ്ട്. |
| (സി) | വയനാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | വയനാട് ജില്ലയിലെ 6 കോളേജുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>1. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ |

| | | | |
|---|---|---|---|
| | | | 2. ഗവൺമെന്റ് കോളേജ്, മാനന്തവാടി<br>3. സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി<br>4. പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി<br>5. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി<br>6. WMO ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ |

സെക്ഷൻ ഓഫീസർ